# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2322** | **19/06/2013 ൽ മറുപടിക്ക്**

## ആർ.സി.സി.യുടെ രക്തബാങ്കിന്റെ വിപുലീകരണം

**ചോദ്യം** | **മറുപടി**

**ശ്രീമതി കെ. എസ്. സലീഖ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ആർ.സി.സി.യിൽ 2013 മേയ് 31 വരെ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികൾ എത്ര ; | (എ) | ആർ.സി.സി.യിൽ മേയ് 31 വരെ 6190 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇപ്പോൾ ആർ.സി.സി.യിലെ അർബുദ രോ... ...ബുദ്ധിമുട്ടുന്നത് ... ...ംപ്പെട്ടുവോ ; | (ബി) | ഉണ്ട്. |
| (സി) | ആർ.സി.സി.യിലെ ... ദൈനംദിന എത്ര യൂണിറ്റ് പ്ലേറ്റ്ലെറ്റുകളാണ് ആവശ്യമായിട്ടുള്ളത്; ആയതിൽ എത്ര യൂണിറ്റ് പ്ലേറ്റ് ലെറ്റുകൾ അവിടെത്തന്നെ ലഭ്യമാക്കുന്നു ; അവശേഷിക്കുന്നവ ഏതൊക്കെ ആശുപത്രികളിൽ നിന്നുമാണ് വാങ്ങാൻ ആർ.സി.സി. അനുവാദം നൽകിയിട്ടുള്ളത് ; വ്യക്തമാക്കുമോ ; | (സി) | ആർ.സി.സി.യിൽ പ്രധാനമായും പ്ലേറ്റ്ലെറ്റ് ആവശ്യമായി വരുന്നത് രക്താർബുദ ...ികിത്സയ്ക്കാണ്. ഒരു കോഴ്സ് കീമോതെറാപ്പി കഴിയുമ്പോഴേക്കും ഒരു രോഗിയ്ക്ക് ശരാശരി 20 യൂണിറ്റ് പ്ലേറ്റ്ലെറ്റ് ആവശ്യമായി വരുന്നു. നാലും അഞ്ചും കോഴ്സ് കീമോതെറാപ്പി ഓരോ രോഗിയ്ക്കും വേണ്ടി വരുന്നു. ആർ.സി.സി.യുടെ രക്തബാങ്കിൽ പ്രതി വർഷം 25000-ത്തിൽപരം യൂണിറ്റ് രക്തം ശേഖരിക്കുന്നു. ഇപ്രകാരം ശേഖരിക്കുന്ന മുഴുവൻ രക്തവും പ്ലേറ്റ്ലെറ്റുകളായി വേർതിരിക്കുന്നു. ഇതുകൊണ്ട് ആർ.സി.സി.യിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളിൽ 95% പേർക്ക് മതിയായ ആവശ്യം നിറവേറ്റപ്പെടുന്നു. അപൂർവ്വ സന്ദർഭങ്ങളിൽ വേണ്ടത്ര പ്ലേറ്റ് ലെറ്റുകൾ ആർ.സി.സി. രക്തബാങ്കിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ നിന്നും പ്ലേറ്റ്ലെറ്റുകൾ ലഭിക്കാറുണ്ട്. മറ്റാശുപത്രികളിൽ നിന്നും ആർ.സി.സി. ഔദ്യോഗികമായി പ്ലേറ്റ്ലെറ്റുകൾ വാങ്ങാറില്ല. |

| | | | |
|---|---|---|---|
| (ഡി) | പകർച്ചപ്പനി തുടങ്ങിയ രോഗങ്ങളുടെ പശ്ചാത്തലത്തിൽ ഇപ്പോൾ ആർ.സി.സി.ക്ക് വേണ്ട പ്ലേറ്റ്ലെറ്റ് യൂണിറ്റുകൾ മറ്റ് ലാബുകളിൽ നിന്നും ലഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (ഡി) | ആർ.സി.സി.യിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികളിൽ 95% പേർക്കും വേണ്ട പ്ലേറ്റ് ലെറ്റുകൾ ആർ.സി.സി.യിൽ നിന്നുതന്നെ ലഭ്യമാക്കുന്നുണ്ട്. ചുരുക്കം ചില സാഹചര്യങ്ങളിൽ ശ്രീചിത്രാ മെഡിക്കൽ സെന്ററിൽ നിന്നും പ്ലേറ്റ്ലെറ്റുകൾ ലഭിക്കാറുണ്ട്. |
| (ഇ) | ആർ.സി.സി.യിലെ രക്തബാങ്കിൽ അവിടത്തെ രോഗികളുടെ ആവശ്യത്തിനുള്ള പ്ലേറ്റ് ലെറ്റുകൾ അവിടെത്തന്നെ ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (ഇ) | ആർ.സി.സി.യുടെ രക്തബാങ്കിൽ പ്രതിദിനം 120 യൂണിറ്റ് പ്ലേറ്റ്ലെറ്റുകൾ ഉല്പാദിപ്പിക്കപ്പെടുന്നു. ഇതുകൂടാതെ രക്തദാന ക്യാമ്പുകൾ വഴിയും രക്തം ശേഖരിക്കുന്നു. ആർ.സി.സി.യിലെ രോഗികൾക്കു വേണ്ട 95% പ്ലേറ്റ്ലെറ്റുകളും ആർ.സി.സി.യുടെ രക്തബാങ്കിൽ നിന്നുതന്നെ നൽകുന്നു. ആർ.സി.സി.യിലെ രോഗികൾക്ക് ആവശ്യമായി വരുന്ന മുഴുവൻ പ്ലേറ്റ്ലെറ്റുകളും ലഭ്യമാക്കുന്നതിന് ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ